# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ്:0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com

ദേവസ്വം കമ്മീഷണർ ഓഫീസ്

ആർ.ഒ.സി.1310/86/എസ്റ്റ (എ) തിരുവനന്തപുരം, 03/06/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- ആശ്രിത നിയമനം - എൽ.ഡി ക്ലർക്ക്/ സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പാഫീസർ തസ്തികയിലേയ്ക്കുള്ള നിയമനം - നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-. 1) 17.2.2016 ലെ ആർ.ഒ.സി.2907/11/എസ്റ്റ-4 നമ്പർ ബോർഡ് ഉത്തരവ്.
2) ഈ ഓഫീസിലെ 20.5.2016 ലെ ആർ.ഒ.സി6023/11/എസ്റ്റ.സി നമ്പർ ഉത്തരവ്.

ദേവസ്വം ബോർഡ് ഓഫീസിൽ പാർട്ട്-ടൈം സ്വീപ്പറായി ജോലി നോക്കിവരവെ 17.1.2011 ൽ മരണമടഞ്ഞ സുശീല ദേവിയുടെ മകൾ ശ്രീമതി.പി.എസ്.കുമാരി സിന്ധുവിന് 5.4.2011 മുതൽ മുൻകാല പ്രാബല്യം നൽകി ലിസ്റ്റിൽ ഉൾപ്പെടുത്തി ലോവർ ഡിവിഷൻ ക്ലർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പാഫീസർ തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവ് ലഭിച്ചു. (സൂചന-1).

2012 ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ആശ്രിത നിയമനം നൽകിയിട്ടുള്ള ലിസ്റ്റിലെ സീനിയോറിറ്റി പരിഗണിച്ച് 5.4.2011 മുതൽ മുൻകാല പ്രാബല്യം നൽകി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുള്ള ബോർഡ് ഉത്തരവ് പ്രകാരം അപ്രകാരം നിയമനം നൽകിയവരിൽ അവസാന ആളിന്റെ ഡെത്ത് സീനിയോറിറ്റികൂടി കണക്കിലെടുത്ത് ശ്രീമതി.പി.എസ്.കുമാരി സിന്ധുവിന്റെ പേര് ശ്രീമതി.എൻ.അംബികയ്ക്ക് മുൻപ് സ്ഥാനം നിർണ്ണയിച്ചും എൽ.ഡി.ക്ലർക്ക്/ സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പാഫീസർ തസ്തികയിൽ ആശ്രിതനിയമനം നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്കുമായി സൂചന (2) ഉത്തരവും ലഭിച്ചു.

പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.പി.എസ്.കുമാരി സിന്ധുവിനെ ദേവസ്വം കമ്മീഷണർ ഓഫീസിൽ എൽ.ഡി.ക്ലർക്ക് (**against the vacancy of UD clerk** ) ആയി നിയമിച്ച് ഉത്തരവാകുന്നു.

കൂടാതെ ശ്രീമതി.പി.എസ്.കുമാരി സിന്ധുവിന്റെ പേര് ആശ്രിത നിയമന ലിസ്റ്റിൽ ശ്രീമതി.എൻ.അംബികയ്ക്ക് മുമ്പ് സ്ഥാനം നിർണ്ണയിച്ചിട്ടുണ്ട്. (സൂചന-2). എന്നാൽ ശ്രീമതി.എൻ.അംബികയെ മരാമത്ത് വിഭാഗത്തിലാണ് എൽ.ഡി.ക്ലർക്കായി നിയമിച്ചത്. ഈ സാഹചര്യത്തിൽ ആശ്രിത നിയമന ലിസ്റ്റിൽ നിന്നും ദേവസ്വം വിഭാഗത്തിൽ നിയമിച്ചവരുടെ സീനിയോരിറ്റി പ്രകാരം ശ്രീമതി.പി.എസ്.കുമാരി സിന്ധുവിന്റെ പേര് ശ്രീ.ശ്യാംപ്രകാശിന് തൊട്ടു താഴെയായും ശ്രീമതി.ആർ.ബിന്ദുവിന് തൊട്ടു മുകളിലായും സ്ഥാനം നിർണ്ണയിച്ചും ഉത്തരവാകുന്നു.

ടി ഉദ്യോഗാർത്ഥിയുടെ നിയമനം സംബന്ധിച്ച് പ്രത്യേകം മെമ്മോ അയയ്ക്കുന്നതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

EDP Sect

പകർപ്പ്

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. തിരുവാഭരണം കമ്മീഷണർ, ആറന്മുള
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
4. ഫൈനാൻസ് &അക്കൗണ്ട്സ് ഓഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
6. അസിസ്റ്റന്റ് കമ്മീഷണർ (അക്കൗണ്ട്സ്), ദേവസ്വം കമ്മീഷണറാഫീസ്
7. ഇ.ഡി.പി സെക്ഷൻ
8. എസ്റ്റാബ്ലിഷ്മെന്റ് സി. സെക്ഷൻ/ ബിൽ സെക്ഷൻ, ദേവസ്വം കമ്മീഷണറാഫീസ്
9. സെക്ഷൻ ഫയൽ
10. ഫെയർ ഓഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)